MALAYALA MANORAMA - 27-09-2025

# തേവര മത്സ്യമാർക്കറ്റിൽ ശുചിത്വ ബോധവൽക്കരണം

കൊച്ചി ● തേവര മത്സ്യമാർക്കറ്റിൽ സ്വച്ഛതാ ഹി സേവാ ക്യാംപെയ്നിന്റെ ഭാഗമായി ഐസിഎആർ-സിഐഎഫ്ടിയും നഗരസഭയും ചേർന്ന് ശുചിത്വ ബോധവൽക്കരണ പരിപാടി നടത്തി. മത്സ്യ വിൽപനക്കാർക്കും ശുചീകരണ തൊഴിലാളികൾക്കും ക്ലീനിങ്, ശുചിത്വ കിറ്റുകൾ – കയ്യുറകൾ, പൊതുമാലിന്യ ബിന്നുകൾ, ബക്കറ്റുകൾ, കപ്പുകൾ, അണുനാശിനി ഏജന്റുകൾ എന്നിവ വിതരണം ചെയ്തു. ഐസിഎആർ-സിഐഎഫ്ടി പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ജയ ജയന്തി, തേവര മാർക്കറ്റിലെ ഹെൽത്ത് ഇൻസ്പെക്ടർ ഷാജ് സുബാഷ് എന്നിവർ പ്രസംഗിച്ചു. സീനിയർ സയന്റിസ്റ്റ് ഡോ. മാർട്ടിൻ സേവ്യർ ബോധവൽക്കരണ സെഷൻ നടത്തി.